# A.K.N.M.M.A.M HSS KATTUKULAM

## DIGITAL MAGAZINE




Bijuraj.R
IX.C

എ.കെ.എൻ.എം.എ.എം.എച്ച്.എച്ച്.എസ്.കാട്ടുകുളം

# A. K. N. M - M. A. MEMORIAL HIGHER SECONDARY SCHOOL KATTUKULAM

Kattukulam South (po), Thiruvazhiyode (via) Palakkad, 679514, Kerala E mail: hskattukulam09@gmail.com




https://sametham.kite.kerala.gov.in/20034
(Click here for more details)

# പ്രണാമം





## ശ്രീ.കെ .കെ.കാന്തൂർ

### സ്ഥാപക മാനേജർ



K.UNNINARAYANAN
MANAGER





K. P. RAJESH

PRINCIPAL

T. BINA

Head Mistress



# *MESSAGE*



**K.UNNINARAYANAN**

**SCHOOL MANAGER**

*I am glad to know that the little kites of our school is preparing a Digital Magazine “AURA 2K19” on 1st November 2019. I offer my felicitations to the students and teacher's of the school. My best wishes for the tremendous victory for the Digital Magazine.*

# പറന്നുയരുന്ന കുട്ടിപ്പട്ടങ്ങൾ



കെ.പി.രാജേഷ്

പ്രിൻസിപ്പാൾ

കൈവിരലുകളുടെ താളത്തിനനുസരിച്ച് ആകാശനീലിമയിൽ പൊങ്ങിപ്പറക്കുന്ന പട്ടങ്ങൾ എന്നും വിസ്മയമാണ്.അതുപോലെ ഒന്ന് തെന്നിപ്പറക്കാൻ കൊതിക്കാത്തവരായി ആരും ഉണ്ടാവില്ല.ആ വിസ്മയകരമായ പൊങ്ങിപ്പറക്കലാണ് "**ലിറ്റിൽ കൈറ്റ്സ്**"കുട്ടികൾക്ക് വാഗ്ദാനം ചെയ്യുന്നത്. ഐ.ടി.സാധ്യതകളുടെ ചരടിൽ അതിർ വരമ്പുകൾ ഭേദിച്ച് പറന്നുയരുകയാണ് നമ്മുടെ കുട്ടികൾ.

കാട്ടുകുളം ഹയർസെക്കണ്ടറി സ്കൂളിലെ "**ലിറ്റിൽ കൈറ്റ്സ്**" ഇന്ന് കേരളത്തിലെ തന്നെ മികച്ച ടീമുകളിൽ ഒന്നായിരിക്കുന്നു.ശക്തവും നിരന്തരവും ആത്മാർത്ഥവും ആയ പ്രവർത്തനങ്ങളാണ് ഈ നേട്ടങ്ങളുടെ അടിസ്ഥാനം . ഭാവനകൾക്ക് നിറം പകരാനും കൂടുതൽ മിഴിവോടെ അവ സാക്ഷാത്കരിക്കാനും **ലിറ്റിൽ കൈറ്റ്സ്** നൽകുന്ന അനന്തസാധ്യതകൾ നമ്മുടെ കുട്ടികളെ അനന്തമായ വിജ്ഞാന വിഹായസ്സിൽ പൊങ്ങിപ്പറക്കാൻ കൂടുതൽ ശക്തരാക്കട്ടെ

# സന്ദേശം




ടി.ബീന

ഹെഡ്മിസ്ട്രസ്സ്

എന്റെ ബാല്യത്തിന്റെ മധുര സ്പർശങ്ങൾ
ഡിജിറ്റൽ സാങ്കേതികതയുടെ പുതിയ ലോകത്തേക്ക്
ആത്മവിശ്വാസത്തോടെ കടന്നു ചെല്ലുക.എല്ലാം നല്ലതാകാനും
നന്മയാകാനും ശ്രദ്ധിക്കണം കാലിടറാനും കൈവിട്ടുപോകാനും
സാധ്യതകൾ ഒത്തിരിയുണ്ട്.
പുതിയ ലോകക്രമത്തിൽ കാലഹരണപ്പെട്ടതെന്ന് കരുതി
എല്ലാം ഉപേക്ഷിക്കരുത് എല്ലാം കാലത്തിന്റെ
മാറ്റത്തിനനുസരിച്ച് സ്വയം അപ്ഡേറ്റ്
ചെയ്തു മുന്നേറുക. ഒപ്പം ഒരിത്തിരി കൊന്നപ്പൂവും മനസ്സിലുണ്ടാവട്ടെ

# സന്ദേശം



കെ.ജയദേവൻ.
പ്രസിഡന്റ്, പൂക്കോട്ടുകാവ്
ഗ്രാമപഞ്ചായത്ത്

കാട്ടുകുളം ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. ഈ വർഷത്തേക്കായി നിങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ മുൻ വർഷത്തേക്കാൾ മികച്ചതും ആശയസമ്പന്നവുമായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും 2019 ലെ ഡിജിറ്റൽ മാഗസിനും എല്ലാ വിധ ആശംസകളും അറിയിക്കുന്നു.

# സന്ദേശം



**പി.ജി.പത്മ**

**എം.പി.ടി.എ.പ്രസിഡന്റ്**

പൊതുവിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഭാഗമായി വിദ്യാലയങ്ങളിൽ നടത്തുന്ന "ലിറ്റിൽ കൈറ്റ്സ്"എന്ന ഐ.ടി.കൂട്ടായ്മയുടെ ഭാഗമായി അനേകം പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.എന്റെ ഈ വിദ്യാലയത്തിലും അതിലേക്ക് കുട്ടികളെ സജ്ജരാക്കുന്നു എന്നത് അഭിമാനകരമാണ്.ഈ സ്കൂളിലെ റിട്ടയേർഡ് അധ്യാപിക എന്ന നിലയിലും മാതൃസമിതിയുടെ പ്രസിഡന്റ് എന്ന നിലയിലും ലിറ്റിൽ കൈറ്റ്സിലെ കുഞ്ഞുങ്ങൾക്കും അവർ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനും സർവ്വവിജയങ്ങളും ആശംസിക്കുന്നു.

# ആമുഖം



കെ.പ്രമോദ്

സ്റ്റാഫ് എഡിറ്റർ

എനിക്കേറ്റവും പ്രിയപ്പെട്ടവരേ ,

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ

അറിവിന്റെ അനന്തവിഹായസിലേക്ക് ചിറകു വിടർത്തി

പറന്നുയരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഊർജ്ജമായി

ഇന്ത്യയിൽ തന്നെ വിവരവിനിമയ സാങ്കേതിക പഠനരംഗത്ത്

കേരളത്തെ ഒന്നാമതാക്കുന്ന .ഡിജിറ്റൽ യുഗത്തിൽ ഐ.ടി.യുടെ

സാധ്യത വിദ്യാർത്ഥികൾക്ക് പകർന്നു നൽകാനും അവരിൽ

അന്തർലീനമായി കിടക്കുന്ന കഴിവുകളെ കണ്ടെത്തി മികച്ച ഭാവി

തലമുറയെ വാർത്തെടുക്കാനും എന്തുകൊണ്ടും പര്യാപ്തമാണ് നമ്മുടെ

വിദ്യാഭ്യാസ വീക്ഷണങ്ങളും പരിഷ്ക്കാരങ്ങളും എന്നതിന്റെ

തെളിവുകൂടിയാണ് ലിറ്റിൽ കൈറ്റ്സ് എന്ന വിദ്യാർത്ഥി കൂട്ടായ്മയിലൂടെ

നാം നേടിയെടുക്കുന്നത് .

കാട്ടുകുളം എന്ന കൊച്ചുഗ്രാമത്തിലെ നിഷ്കളങ്കരായ ഒരു കൂട്ടം വിദ്യാർത്ഥികളുടെ കഥകളും ,കവിതകളും ,ചിത്രങ്ങളും ,ലേഖനങ്ങളും എല്ലാം ഒരു നൂലിഴയിൽ ചേർത്ത് കെട്ടി മാഗസിൻ രൂപകല്പന ചെയ്യുമ്പോൾ ...

അതിന്റെ ഡിജിറ്റൽ രൂപം തയ്യാറാക്കേണ്ടി വരുന്ന ശ്രമകരമായ ദൗത്യം പരമാവധി നല്ല രീതിയിൽ തയ്യാറാക്കാൻ ശ്രമിച്ചതാണ് **"Aura 2K19 *Digital Magazine* "** ലൂടെ സാക്ഷാത്ക്കരിച്ചിട്ടുള്ളത് .

നിഷ്കളങ്കമായ സർഗാത്മക സൃഷ്ടിയിലും അതിന്റെ കെട്ടിലും മട്ടിലും ഡിജിറ്റൽ രൂപത്തിലാക്കുമ്പോഴും എന്തെങ്കിലും പിഴവുകൾ പറ്റിയിട്ടുണ്ടെങ്കിൽ ക്ഷമിക്കുമല്ലോ .

കുഞ്ഞുമനസ്സുകളുടെ സർഗ്ഗ സൃഷ്ടികളെ പരമാവധി പൂർണ്ണതയോടെ ഡിജിറ്റൽ മാഗസിനിലേക്ക് ഒപ്പിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട് ....

ഇ-എഴുത്തും ,വായനയും ശക്തിപ്പെട്ടു വരുന്ന ഇക്കാലത്ത് ഞങ്ങളുടെ ഈ കൊച്ചു വിദ്യാലയത്തിലെ മിടുക്കരായ വിദ്യാർത്ഥികൾ അണിയിച്ചൊരുക്കിയ "**Aura 2K 19 Digital Magazine** " നിങ്ങളുടെ മുൻമ്പാകെ സന്തോഷത്തോടെ തുറന്നു വെക്കട്ടെ ...

# എഡിറ്റോറിയൽ



**നിസ്മ മുഹമ്മദ്**

**സ്റ്റുഡന്റ് എഡിറ്റർ**

പഴയ തലമുറയ്ക്കും പുതിയ തലമുറക്കും ഒരേ പോലെ മനസ്സിലാകുന്ന രീതിയിൽ മെനഞ്ഞെടുത്ത,കാട്ടുകുളം സ്കൂൾ സമർപ്പിക്കുന്ന മാഗസിനാണ് **"AURA" 2k19**

പുതു തലമുറയ്ക്ക് പുതിയ ലോകം തുറന്നു കാട്ടുന്ന സാഹിത്യ ശാലയാണ് **"AURA"**.സാങ്കേതിക വിദ്യയുടെ കറുത്ത കരങ്ങൾ മാത്രം കാണുന്ന ലോകത്തിന് വെളിച്ചത്തിന്റെ തീ ആളിപടർത്താൻ ഉള്ള ശ്രമമാണ് ഞങ്ങളുടെ ഡിജിറ്റൽ മാഗസിൻ. സാമൂഹിക പ്രതിബദ്ധതയുള്ള വിദ്യാർത്ഥി സമൂഹമാണ് ഒരു നാടിന്റെ കരുത്ത്. ഇന്നത്തെ വിദ്യാർത്ഥികളാണ് നാളെ രാജ്യത്തെ ഭരിക്കേണ്ടത്.നാളത്തെ ലോകത്തെ ഓജസ്സുറ്റതാക്കാനും ഇന്നത്തെ വിദ്യാർത്ഥികളുടെ നൈസർഗികമായ കഴിവുകളെ പുറത്തെടുക്കാനും **"AURA" 2k19** ലക്ഷ്യമിടുന്നു.

## സ്കൂൾ റിപ്പോർട്ട്



ടി.ബീന

ഹെഡ്മിസ്ട്രസ്സ്

2019-20 അക്കാദമിക വർഷത്തിലെ പ്രവേശനോത്സവം വാർഡ് മെമ്പർ ശ്രീമതി ജാന ഉദ്ഘാടനം ചെയ്തു.ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ നിന്ന് 'മികവ്'സമ്മാനം ബഹു.മന്ത്രി ജലീലിൽ നിന്നും ഏറ്റുവാങ്ങികൊണ്ട്  ഈ വർഷത്തെ ആദ്യ സമ്മാനത്തിന്റെ മധുരം നുണഞ്ഞു.കഴിഞ്ഞ വർഷത്തെ മികച്ച പ്രവർത്തങ്ങൾക്ക് ലിറ്റിൽ കൈറ്റ്സിനു ജില്ലാതലത്തിൽ മൂന്നാം സ്ഥാനം നേടാനായി. ടാഗോർ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബഹു.വിദ്യാഭ്യാസ മന്ത്രിയിൽ നിന്നും ട്രോഫി ഏറ്റുവാങ്ങി.സ്കൂളിൽ വച്ച് നടത്തിയ വിജയോത്സവം പരിപാടിയിൽ  ബഹു.പാലക്കാട് എം.പി ശ്രീ.വി.കെ.ശ്രീകണ്ഠൻ മുഖ്യാതിഥിയായിരുന്നു.പൂക്കോട്ടുകാവ് പഞ്ചായത്ത് പ്രസിഡൻ്റ ശ്രീ.കെ.ജയദേവൻ പരിപാടി ഉദ്ഘാടനം ചെയ്തു. കുട്ടികളിലെ സർഗ്ഗവാസന പരിപോഷിപ്പിക്കാൻ വിദ്യാരംഗം കലാസാഹിത്യ വേദിയുടെ


ആഭിമുഖ്യത്തിൽ 'മധുവനം'പദ്ധതിക്ക് തുടക്കം കുറിച്ചു. അമൃത ടി.വി.സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന 'ശ്രേഷ്ഠഭാരതം' പരിപാടിയിൽ സ്കൂളിൽ നിന്നും 4 കുട്ടികൾ പങ്കെടുത്തു.ആദ്യ ഘട്ടത്തിൽ വിജയികളായി രണ്ടാം ഘട്ടത്തിലേക്ക് ഉയർന്ന മാർക്കോടെ പ്രവേശനം ലഭിച്ചു. എൻ.എം.എം.എസ്.പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികൾക്ക് കോച്ചിങ്ങ് ക്ലാസ് ആരംഭിച്ചു. ഉച്ചഭക്ഷണ ഹാളിന്റെ ഉദ്ഘാടനം ബഹു.എം.എൽ.എ.ശ്രീ.കെ.പി.ഉണ്ണി. നിർവഹിച്ചു. കരാട്ടെ ക്ലാസ്സിന്റെയും കടമ്പഴിപ്പുറം നയന ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള 'സാന്ത്വനം' പരിപാടിയുടെയും ഉദ്ഘാടനം ഇതോടൊപ്പം നടന്നു.

ഗാന്ധി ജയന്തി ദിനത്തിൽ ഗാന്ധി പ്രതിമ അനാച്ഛാദനം ബഹു.ശ്രീ.മുഹമ്മദ് പേരാമ്പ്ര നിർവ്വഹിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികളും നടന്നു. ശാസ്ത്രനാടകത്തിൽ സബ് ജില്ലാ തലത്തിൽ ഒന്നാം സ്ഥാനവും ജില്ലാ തലത്തിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

ശാസ്ത്ര,സാമൂഹ്യശാസ്ത്ര,ഗണിത,പ്രവൃത്തി പരിചയ,ഐ.ടി മേളകളിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി മറ്റൊരു പൊൻതൂവൽ കൂടി ചേർക്കാനായി.

# ലിറ്റിൽ  കൈറ്റ്സ് -റിപ്പോർട്ട്





എം.പി.ബീന                                        കെ.എം.മിനി

( കൈറ്റ് മിസ്ട്രസ്സ്)

ഹൈടെക്ക് ക്ലാസ്റൂമുകളുടെ പരിപാലനം, സാങ്കേതികവിദ്യയിൽ വൈദഗദ്ധ്യമുള്ള ഒരു സംഘം കുട്ടികളെ വിദ്യാലയത്തിൽ തന്നെ  സജ്ജരാക്കുക എന്നീ ലക്ഷ്യങ്ങളോടെ 2018 ൽ ആരംഭിച്ച ലിറ്റിൽ  കൈറ്റ്സ്സ്എന്ന ഐ.ടി കൂട്ടായ്മ ഇന്ന് സ്കൂളിന്റെ ഊർജ്ജമാണ് .പ്രാരംഭഘട്ടത്തിൽ ഒരുപാട് ആശങ്കകൾ ഉയർന്നിരുന്നെങ്കിലും ഇന്ന് ഈ ക്ലബ്ബിന് നേതൃത്വം നൽകാൻ കഴിഞ്ഞതിൽ ഒരുപാട് അഭിമാനമുണ്ട് . ആദ്യ ബാച്ചിൽ   തന്നെ ഊർജ്ജസ്വലരായ കുട്ടികൾ ഓരോ പ്രവർത്തനങ്ങളും സ്വയം ഏറ്റെടുത്ത് നടത്തുകയായിരുന്നു.ഫ്രീ സോഫ്റ്റവെയർ ഡേയുമായി ബന്ധപ്പെട്ട് ഐ.ടി.ക്വിസ്സ്,

എക്സിബിഷൻ, ചന്ദ്രഗ്രഹണം ക്ലാസ്റൂമിൽ ,സ്കൂളിലെ ഒരോ പ്രവർത്തനങ്ങളിലും സജ്ജീവ പങ്കാളിത്തം, റിപ്പോർട്ട് തയ്യാറാക്കൽ, വിക്ടേഴസ് ചാനലിലേക്ക് വാർത്തകൾ അപ്പ് ലോഡ് ചെയ്യൽ , ഡിജിറ്റൽ മാഗസ്സിൻ" ഔറാ" തയ്യാറാക്കൽ, കുഞ്ഞുമനസ്സുകളിൽ ഐ.ടി.വിസ്മയം തീർക്കാൻ താനിക്കുന്ന് എൽ.പി സ്കൂളിൽ ക്ലാസ്.. തുടങ്ങി തനതായ ഒരുപാട് പ്രവർത്തനങ്ങൾ മൊഡ്യൂളുകൾക്ക് പുറമെ ചെയ്യാൻ സാധിച്ചത് ഓരോ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും അശ്രാന്തപരിശ്രമം ഒന്നു കൊണ്ട് മാത്രമാണ് .സാങ്കേതിക വിദ്യയിൽ ഓരോ മേഖലയിലും മികച്ച കുട്ടികളെ സബ്ജില്ലാ തലത്തിലും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും തിരഞ്ഞെടുത്തപ്പോൾ അതിലും കാട്ടുകുളം ഹൈസ്കൂളിന്റെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഉണ്ടായിരുന്നു എന്നത് അഭിമാനാർഹമാണ്.സൂര്യനാരായണൻ, അശ്വിൻ കൃഷ്ണ ,എന്നിവർ പ്രോഗ്രാമിങ്ങ് ആനിമേഷൻ മേഖലയിൽ ജില്ലാതലത്തിൽ പങ്കെടുത്തു. അശ്വിൻ കൃഷ്ണ പ്രോഗ്രാമിങ്ങിൽ സംസ്ഥാനതലത്തിലും പങ്കെടുത്തത് ഞങ്ങളുടെ യൂണിന്റെ അഭിമാനാർഹമായ നേട്ടമാണ് .
സംസ്ഥാന ഗവർൺമെന്റ് ഏർപ്പെടുത്തിയ ലിറ്റിൽ കൈറ്റ്സ് അവാർഡ് വിതരണത്തിൽ ജില്ലയിൽ മൂന്നാംസ്ഥാനം നേടാനും അത് ബഹു വിദ്യാഭ്യാസമന്ത്രിയിൽനിന്ന് സ്വീകരിക്കാനും

കഴിഞ്ഞതത് ഞങ്ങൾക്ക് ചാരിതാർത്ഥ്യം നൽകുന്നു.2019-21 ബാച്ചിലും 2020-2022 ബാച്ചിലും 40 അംഗങ്ങൾ ഉണ്ട്. 2019-21 ബാച്ചിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ മുന്നോട്ടുപോയികൊണ്ടിരിക്കുന്നു.
സ്കൂളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഓരോ മാസവും" ലിറ്റിൽ വൈബ്സ്"എന്ന പേരിൽ ഡിജിറ്റൽ പത്രം പുറത്തിറക്കുന്നുണ്ട്. ജില്ലയിൽ തന്നെ ആദ്യമായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന് യൂണിഫോം ഏർപ്പെടുത്തിയ വിദ്യാലയമായി മാറാനും ഞങ്ങൾക്ക് സാധിച്ചു.കാട്ടുകുളം എന്ന കൊച്ചു ഗ്രാമത്തിൽ IT യിൽ പ്രാവീണ്യവും താത്പര്യവുമുള്ള ഒരുകൂട്ടം കുട്ടികൾ ഉയർന്നുവരാൻ "kite"നേതൃത്വം നൽകുന്ന ലിറ്റിൽ കൈറ്റ്സ് പോലെ ഉള്ള സംരംഭങ്ങൾക്ക് കഴിയും എന്നുള്ള ഉത്തമവിശ്വാസമാണ് ഞങ്ങളെ മുന്നോട്ടുനയിക്കുന്നത്.

👇click here to continue👇

https://youtu.be/oabHb6Jaab4

(click +ctrl to continue)

## താളുകളിലൂടെ...


കവിതാഞ്ജലി..........20

പക്ഷേ..........20

ഓർമ്മയിലെ താളുകൾ..........21

..........21

ഐശ്വര്യ..........21

ആരാവണം?..........23

..........28

..........28

..........28

അമ്മ..........29

സാന്ദ്ര..........30

ബാല്യം..........32

..........33

കണ്ണീർമഴ..........33

ഞാൻനട്ടപൂച്ചെടി..........34

പ്രകൃതി..........38

..........39

പുഴയാം പെണ്ണ്..........39

കൈകോർത്തിറങ്ങിയ മനസ്സുകൾ..........41

മരണം..........46

ഒരു തിരിഞ്ഞുനോട്ടം..........47

..........52

चाँदिनी..........52

Aspire to win..........54

Different Shades Of Truth..........56

Always keep with....TRUTH..........58

My best friend is truth..........60

മഴ..........71

ഒരു ഗ്ലാസ് പാലിന്റെ വില..........75

..........................................................................................................................77
കണ്ണാടി..................................................................................................................78
..........................................................................................................................79
കൊലയുടെ ചിഹ്നം......................................................................................................80
ജെ.ഉത്തര 6.B...........................................................................................................80
..........................................................................................................................81
A PHILOSOPHY........................................................................................................81
अकेलापन.................................................................................................................84
..........................................................................................................................88
ലേഖനം....................................................................................................................89
മാതാ പിതാ ഗുരു ദൈവം രമ്യ .വി .പി XI BIO......................................................................89
..........................................................................................................................92
മലയാളത്തിന്റെ സുൽത്താൻ.............................................................................................92
നിസ്സ മുഹമ്മദ്...........................................................................................92
IX.C......................................................................................................................92
അരയാൽ....................................................................................................................95
പ്രളയം നമ്മെ പഠിപ്പിച്ച പാഠം...........................................................................................98
Importance Of Communication.....................................................................................101
THE INFLUENCE OF SOCIAL MEDIA IN YOUNGSTERS........................................105
CAUSES AND EFFECTS OF THE POPULARITY OF FAST FOOD RESTAURNTS....109

# 2018-19 അക്കാദമിക നേട്ടങ്ങൾ




2018–19 വർഷത്തെ
SSLC പരീക്ഷയിൽ

സമ്പൂർണ്ണ A+ നേടിയ പ്രതിഭകൾ

2018 –19 പ്ലസ് ടു പരീക്ഷയിൽ സമ്പൂർണ A + നേടിയവർ






## ഒരോ മാസവുംലിറ്റിൽ കൈറ്റ്സ് തയ്യാറാക്കുന്ന ഡിജിറ്റിൽ പത്രം ( ജൂൺ, ജൂലൈ,ആഗസ്റ്റ്-സെപ്റ്റംബർ)







https://qrgo.page.link/auVGj





https://qrgo.page.link/ygzML

https://qrgo.page.link/QKLmD


# കവിതാഞ്ജലി

## പക്ഷേ....



അലൻ.എം.അരുൺ
9.A

ഓർമ്മകളുടെ തീരത്ത്
നിശ്ചലമായി നിന്നുകൊണ്ട്
കാത്തിരിപ്പിന്റെ ഫലം
തൃപ്തികരമല്ലെന്ന ബോധം
അലട്ടുന്ന ചിന്തയുമായി
അനന്തമായ നഗരത്തിൽ നോട്ടമുറപ്പിച്ച്
അതിനോട് തർക്കിക്കാൻ നിൽക്കവേ
ചാറുന്ന മഴയെ കാലനെന്നവണ്ണം
ശപിക്കാൻ പോകവേ
കാറ്റിന്റെ താളത്തിൽ ഒഴുകി
നൃത്തം വെയ്ക്കാതെ
അതിനെതിരെ നിന്ന്
അതിനോട് ദ്വന്ദ്വയുദ്ധം നടത്തവേ താങ്ങിനായി
എന്തെങ്കിലും പിടിക്കാൻ ശ്രമിക്കുമ്പോളാണ്
കഴുകിക്കളഞ്ഞ രക്തത്തിന്റെ കറ
ഇപ്പോഴും മാഞ്ഞിട്ടില്ല എന്ന് ശ്രദ്ധിച്ചത്.



# ഓർമ്മയിലെ താളുകൾ



ഐശ്വര്യ


XI BIO

ഇളം വെയിൽ തഴുകുമീ ചെറുതണലോരം.

പറയുവാൻ ഇനിയുമെൻ ഓർമ്മകൾ മാത്രം
ഓർമ്മയിലെ താൾവഴിയിൽ നിറയുന്നിതാ നറുമധുരം
അണ്ണാരക്കണ്ണനാം തൊണ്ണൂറുവാലനും
മലമുഴക്കീടുന്ന വേഴാമ്പലും ഓട്ടത്തിലൊന്നാമൻ
ചീറ്റപ്പുലികളും വർണ്ണം നിറച്ചീടുന്ന ശലഭങ്ങളും
വനതാരമായി വാണ കടുവകളും ഇന്ന് കരഞ്ഞീ-
ടുന്നു, അതിജീവനത്തിനായി കേണീടുന്നു.....
ഭൂമിതൻ മക്കളെല്ലാം മറഞ്ഞിടുന്നു....
ഹരിതാഭമെങ്ങോ മാഞ്ഞു, കിളിക്കൊഞ്ചൽ
എന്നേ നിന്നു ,പൃഥ്വി*തൻ വർണ്ണമെല്ലാം
മറഞ്ഞിടുന്നൂ....
മാനവസ്വാർത്ഥതയ്ക്കായ് നശിച്ച ലോകം....
നന്മതൻ തളിരുകളെല്ലാം തകർന്നീടുന്നു....
മാനവൻ തളർത്തീടുന്നു...

* ഭൂമി

ഇന്നവനു ബാക്കിയായ മഞ്ഞു പെയ്ത പാഴ്-
നിലങ്ങൾ കൂട്ടിനായി എന്നും ഇന്ന് കലിവർഷവും
കൂട്ടായി നിൽക്കുന്നുണ്ട് ശാപപാപങ്ങൾ....
മുക്തിയ്ക്കു വേണ്ടിയായി മുട്ടുകുത്തുന്നു...
ഞാൻ തിന്മതൻ നിറങ്ങളെല്ലാം തകർത്തീടുന്നു....
മാനവരന്ത്യത്തിൻ നവ ഭൂമിതൻ ജന്മം....
ഇളം വെയിൽ തഴുകുവാൻ ഓർമ്മതൻ താളുമാത്രം.
നന്മതൻ ഓർമ്മമാത്രം.



# ആരാവണം?




നീതു കൃഷ്ണ.സി

8.E

അമ്മപോൽ  ഭൂമിയെ കാക്കുമാറാകണം
 നന്മയെ മാത്രം തുണക്കുവാനാകണം
നല്ലതുമാത്രം പറഞ്ഞുക്കൊടുക്കണം
 നൻമയെഴുന്നൊരാ മർത്യനായ് തീരണം
നാളെയീനാടിന്റെ  ദീപമായ് മാറണം
 നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം
വെട്ടംവിതറും വിളക്കായിമാറണം
 അറിവിൻ്റെ പാലാഴിനീന്തിക്കടക്കുമ്പോൾ
 തളരാതെ പതറാതെ
 കാക്കുമാറാകണം

ഓരോചുവടിലും ശ്രദ്ധയുണ്ടാവണം
ഓരോരോ വാക്കിലും ധർമ്മമുണ്ടാകണം
സൂര്യനെപ്പോലെ ഉദിച്ചുയർന്നീടണം
ചന്ദ്രനെപ്പോലെ തിളങ്ങുവാനാകണം
നല്ല മനസ്സിനുടമയായ് തീരണം
നന്മയെഴുന്നൊരെൻ നാടിനെ കാക്കണം



# എനിക്ക് കഴിഞ്ഞില്ലല്ലോ...



സവ്യ സുരേഷ്.
9.A

ജീവിതനേർരേഖയിൽ ചുറ്റിക്കറങ്ങി
ഒടുവിലെ യാത്രയ്ക്കൊരുങ്ങി നിൽക്കുന്ന ഞാൻ.
ചക്രവാള[2]ത്തിന്നാനന്ദസീമപോൽ
നീളുമെന്നാഗ്രഹമൊതുക്കിവയ്ക്കുന്നു.......
കാറ്റത്തളിരിനെത്തഴുകിത്തളർന്നപോൽ
തിരയത്തിരയെയും മൂടിപ്പുതച്ചപോൽ,
ക്ഷീണിതഹൃദയനായിക്കട്ടിലിൽ ഞാൻ
മുൻപിലെ സൂചിയെ പേടിച്ചു പേടിച്ചു.........
പക്ഷെ വിഷമമതൊന്നുള്ളൂ,
കാറ്റത്തളിരിനെ തഴുകിയപോൽ
തിരയത്തിരയെ മൂടിയപോൽ
ഞാനെൻ ലക്ഷ്യത്തെ കവർന്നതേയില്ലല്ലോ..........

2 സൂര്യൻ അസ്തമിക്കുന്നിടം

# മാറ്റങ്ങൾ



അഥീന ലക്ഷ്മി
5.C

നെൽക്കതിർ കൊത്തിപറക്കുന്ന
പച്ചക്കിളിയാം പനന്തത്തേ....
നിന്റെ ചിറകിന്റെ വേഗതയിലോർക്കുന്നു.
ഞാനെന്റെ പൊയ് പോയ കാലത്തേ വീണ്ടും
എങ്ങും നിറഞ്ഞു നിൽക്കുന്ന
പച്ച നെൽപ്പാടവും പൊൻകതിരും
ഏറെ വെളുപ്പിനെ വിളിച്ചുണർത്തീടുന്ന
കാക്കതൻ തേങ്ങലും കേൾക്കുന്നു ഞാൻ
ഒത്തിരിപ്പേരുണ്ടായിരുന്നൊരെൻ വീട്ടിലെ
ആനന്ദമിന്നും ഓർക്കുന്നു ഞാൻ...
ഭാഗിച്ചു പോയ നാൾ തൊട്ടിന്നും
ഓർമ്മതൻ കൂട്ടിൽ തനിച്ചായി.
ബോറടി എന്നൊരു വാക്കു ഞാൻ എപ്പോഴും

അന്നു തൊട്ടിന്നോളം ഉരുവിടുന്നു.
പണമില്ലാ കടമാണ് ടെൻഷനാണ്
ഇന്നെങ്ങും കേൾക്കുന്ന പല്ലവികൾ
ദൂരേക്ക് പാറിയകന്നു പോയ
തത്തയെപ്പോലെയായ് എന്നോർമ്മകൾ
കാലമിന്നിങ്ങനെ  മാറ്റങ്ങൾ നൽകിയാൽ
ഒറ്റയായ് തീരും ജീവിതങ്ങൾ .....
അണുകുടുംബം പോലും ഇല്ലാത്തൊരീ ലോകം
ഒരുവട്ടം നിങ്ങളെന്നോർത്തീടുക....
ഒരുവട്ടമെങ്കിലും ഓർത്തീടുക.



# അമ്മ

അമൃത.കെ
6.B

ആരാണ് അമ്മ.....??
എത്രയെഴുതിയാലും തീരാത്ത
എത്ര പറഞ്ഞാലും മതിവരാത്ത
എത്ര കണ്ടാലും കൊതി
തീരാത്ത



സത്യമാണെനിക്കെന്നമ്മ.
നൊന്തു പ്രസവിച്ച
താരാട്ടു പാടിയ
താലോലിച്ചുമ്മവെച്ച-
ഉറക്കിയുണർത്തിയ എന്നമ്മ
അമ്മയാണെനിക്കെന്തിലും ഏതിലും
പുണ്യമായ് പുണർന്നീടുന്നത്.

# ധന്യപുഷ്പം നീ




സാന്ദ്ര

6.B

അഴകേറുന്നോരുപൂച്ചെടി
ഞാൻ നട്ടൊരു പൂച്ചെടി
സുഗന്ധമേറും ധന്യപുഷ്പം
കാണാനെന്തൊരു ചന്തം
 നിമിഷന്തോറും നോക്കും
മുള്ളാൽ നിറയും റോസ്ച്ചെടി
അഴകേറുന്നൊരു പൂച്ചെടി
ധന്യപുഷ്പം നീയും
സുന്ദരിമാർക്കും നിന്ദിതമാർക്കും
അഴകേറുന്നോരു പൂച്ചെടി
ചിത്രശലഭത്താൽ നിറയും
ധന്യപുഷ്പം നീ
മിത്രമാണെൻ ശലഭങ്ങൾ
നിമിഷന്തോറും സുഗന്ധമേറും
പൂവേ നീ നിമിഷം ന്തോറും
പുഞ്ചിരിയേകും പൂവേ

നീ എൻ മനസ്സിൽ
കണ്ണാടിയാകും നിന്നെ കാണാതിരുന്നാൽ
മനസ്സിൽ നോവുമെൻ ഹൃദയം
അഴകേറുന്നോരു പൂച്ചെടി
ഞാൻ നട്ടൊരു പൂച്ചെടി
സുഗന്ധമേറും ധന്യപുഷ്പം നീ
സുന്ദരിമാർക്കും നിന്ദിതമാർക്കും
അഴകേറും പൂച്ചെടി.



# ബാല്യം ...



**എന്റെ ബാല്യത്തിന്റെ മധുര സ്പർശങ്ങൾ**

എന്നെ ഞാനാക്കിയ വിദ്യാലയ കാലങ്ങൾ....
എന്റെ മനസ്സിന്റെ കളിത്തൊട്ടിലിൽ
ബാല്യകാലത്തിന്റെ സ്പർശം
കൂട്ടുകാരോടൊത്ത് ഉല്ലസിച്ചുയർന്നു
പറന്നൊരാ ബാല്യ കാലം
മാതൃ-പിതൃ സ്നേഹ ഭാഗ്യത്തിന്റെ
പൊൻ നാളുകൾ
പാറിപ്പറന്നൊരാ ബാല്യകാലം
മായാതെ മറയാതെ നിറയുന്നൊരീ
ബാല്യകാലം ഒരോർമ്മക്കാലം




# കണ്ണീർമഴ

അയന.പി.എം
10.c

എൻ കണ്ണിൽ നിന്നു പൊഴിയുന്ന
മഴത്തുള്ളികൾക്കും സ്നേഹമാകുന്ന
മഴക്കും ഒരേ മുഖഛായയാണെന്ന്
ഞാൻ അറിയുന്നു.
എൻ കണ്ണിൽ നിന്നു പൊഴിയുന്ന
മുത്തുമണികളെ മായ്ക്കാൻ വരുന്ന
മഴയെ ഞാൻ സ്നേഹിക്കുന്നു.
ഞാൻ പുഞ്ചിരിക്കാൻ വേണ്ടി
വർണ്ണാഭമായി വരുന്ന മഴ-
വില്ലിനെ ഞാൻ സ്നേഹിക്കുന്നു
മനസ്സിൽച്ചാറുന്ന മഴത്തുള്ളികളേയും
എന്നെ തലോടാൻ ശ്രമിക്കുന്ന
മഴവില്ലിനേയും എൻെറ ഹൃദയത്തിൽ
ഞാൻ സൂക്ഷിക്കുന്നു

# ഞാൻനട്ടപൂച്ചെടി



ഐശ്വര്യ.വി.ആർ
VI.D

ഞാൻ നട്ട പൂച്ചെടി അഴകുള്ളപൂച്ചെടി
ശീതളമാം ജലം പകന്നു ഞാൻ വളർത്തിയ പൂച്ചെടി
ഞാൻ നട്ട പൂച്ചെടി സുന്ദരമാം പൂച്ചെടി
വെയിലേറ്റു വാടാതെ മഴയേറ്റുതളരാതെ ഞാൻ
വളർത്തിയ പൂച്ചെടി
ഞാൻ വളർത്തിയ പൂച്ചെടി മധുരമാംപൂച്ചെടി
സുന്ദരമാം പൂക്കളാൽ നിറഞ്ഞുനിൽക്കും പൂച്ചെടി
ഞാൻ നട്ട പൂച്ചെടി സ്നേഹമാർന്ന പൂച്ചെടി
പാറിവരും വണ്ടുകളാൽ കവചമേകും പൂച്ചെടി
ഞാൻനട്ട പൂച്ചെടി ചന്തമുള്ള പൂച്ചെടി
തുഷാരകണങ്ങളാൽ പുളകം ചാർത്തിനിൽ-
ക്കുമെൻെറ പൂച്ചെടി
ഞാൻ നട്ട പൂച്ചെടി മൃദുലമായ പൂച്ചെടി
തേൻകുടിക്കാൻ പാറിനടക്കും ശലഭങ്ങളുള്ള പൂച്ചെടി
തേൻനിറഞ്ഞപൂച്ചെടി അഴകുള്ള പൂച്ചെടി


ഞാൻ നട്ട പൂച്ചെടി ചെമ്പനീർച്ചെടി.

ഞാൻ നട്ട പൂച്ചെടി മൃദുലമായ പൂച്ചെടി

തേൻകുടിക്കാൻ പാറിനടക്കും ശലഭങ്ങളുള്ള പൂച്ചെടി

തേൻനിറഞ്ഞപൂച്ചെടി അഴകുള്ള പൂച്ചെടി

ഞാൻ നട്ട പൂച്ചെടി ചെമ്പനീർച്ചെടി.



# പ്രളയം




വിനയ.പി
Xi Bio

പ്രളയഭ്രമിയിൽ ഉഴയുകയാണ ഞാൻ
ഏഴുനാളുകൾക്ക് മുമ്പ്
പാദം മൂടിയെത്തിയ മഴയെ
തട്ടിത്തെറിപ്പിച്ചപ്പോഴും
ഇന്നു തോരും നാളെ തോരുമെന്ന്
കാത്തു കാത്തിരുന്നപ്പോഴും
പാതിരാത്രിയിൽ മഴ വീട്ടുതേടി
ഇരച്ചുവരുന്നതും നോക്കി
ഉറങ്ങാതിരുന്നപ്പോഴും
നനഞ്ഞ അടുപ്പ്
പുകയ്ക്കാനാവാതെ
ഉറ്റവരെ ചേർത്തൊതുക്കി
അഭയകേന്ദ്രം തേടിയപ്പോഴും
അറിഞ്ഞില്ല,

പെയ്യാൻ കൊതിച്ച മഴയിൽ
ഒലിച്ചു പോയതൊന്നും
തിരിച്ചെടുക്കാനാവാതെ
ഒരു കളിവള്ളത്തിലേറി
തുഴയേണ്ടി വരുമെന്ന്
ജീവിതം ഒരു മഴവെള്ളപ്പാച്ചിലിൽ
ഒഴുകിത്തീരുമെന്ന്.




# പ്രകൃതി



വൈഷ്ണവി വിജയ്.എം.പി
VIII.C

വർണപകിട്ടുനിറഞ്ഞുനിൽക്കുന്നതാം
പൂക്കൾ നിറഞ്ഞതീ പ്രകൃതി
പൂക്കളെ താങ്ങുന്ന ഇലകളെ താങ്ങുന്ന
ചെടികൾ നിറഞ്ഞതീ പ്രകൃതി
തേൻ മാധുര്യമൂറും ഫലങ്ങളിൽ നിറഞ്ഞ
വൃക്ഷലതാദികൾ ഉള്ളതാമെൻ പ്രകൃതി
കാറ്റിന്റെ താളത്തിൽ ആടിക്കളിക്കുന്ന
വല്ലികളുള്ളതാം
എൻ പ്രകൃതി.



# പുഴയാം പെണ്ണ്



ശ്രീയ

+1 BIO

പാദസരം കിലുക്കി, പൊട്ടിച്ചിരിച്ച്
കാടിനോട് കിന്നാരം പറഞ്ഞ്,
കുണുങ്ങി വന്നിരുന്ന കാന്താരി
പാറക്കല്ലിനോടു കലപിലക്കൂട്ടി
ഇലകളെ ഇക്കിളിപ്പെടുത്തി,
കാറ്റിനോട് രഹസ്യം പറയുന്ന വായാടി
എന്നാൽ,
പ്ലാസ്റ്റിക്കിനെ വിവാഹം കഴിച്ചതിനു ശേഷം
അവനവളുടെ ഒഴുക്കിനെ വിലക്കി
അവൾ മൗനിയായി
കരയാനാവാതെ,ചിരിക്കാനാവാതെ
ഭർത്താവിൻ തടങ്കലിലവൾ ഒറ്റപ്പെട്ടു

തനിക്കുമൊരു ദിനമുണ്ടെന്ന പ്രതീക്ഷയിൽ...

# മായം...മായം...




വിനയ.പി
X.C

നിത്യേന നമ്മൾ കഴിച്ചിടു-
മാഹാരത്തിൽ മായങ്ങൾ പലവിധം
എണ്ണയിൽമായം വെണ്ണയിൽമായം
മണ്ണെണ്ണയിൽ പോലുമിന്നുമായം!
രോഗ ശാന്തിക്കായ് കഴിക്കും മരുന്നിലും
വീടുകെട്ടാൻ വാങ്ങിയ സിമന്റിലും
തുണിലും തുരുമ്പിലും പല പല മായങ്ങൾ.
എന്തു പറയാൻ!സർവ്വതുമയ്യോ
മായം മറിമായം.....
ഇന്നു നാട്ടിൽ......

# കൈകോർത്തിറങ്ങിയ മനസ്സുകൾ




*അനശ്വര*

*6. B*

അന്നൊരു വർണ്ണപുലരിയിൽ
കണ്ണുതിരുമ്പി ഞാൻ നിൽക്കവെ
പുതുമഴ പെയ്തമണ്ണിൻ
മണം ആസ്വദിച്ചറിയാതെ
നിന്നു പോയി...
പാടത്തു പൂക്കുന്ന പൂക്കളെക്കാണുവാൻ
കൃഷിയും വയലും കണികാണുവാൻ
പൂക്കളെ  ഭംഗിയും മനസ്സും
ഓർമ്മക്കാലം,
പൂക്കളമാകുന്ന പൊന്നോണക്കാലം
പതുക്കെ പതുക്കെ മാറിമറിഞ്ഞു
ജീവിതശൈലികൾ മാറിമറിഞ്ഞു
ഇന്നിതാ കൃഷിയില്ല വയലുമില്ല
എല്ലാം ഭൂവിൽ നിന്നടർന്ന് പോയി

നാം കൃഷിച്ചെയ്യുന്ന ധാന്യമില്ല
കൈകോർത്തിറങ്ങും മനസ്സുമില്ല
മാലിന്യ കൂമ്പാര പ്രഹരമായി
പുഴകളും എങ്ങോ താഴ്ന്ന് പോയി
പ്രളയങ്ങളിന്നിതാ വന്നു അതിൽ
വീടുകളെല്ലാം നശിച്ചു
വീടുകൾക്കൊപ്പമീ ജീവൻ
ഒഴുകി കടലിൻ നടുവിൽ എത്തി നിന്നു
ഒരുപാടു നല്ല മനസ്സുകളൾ
ഒത്തുഭൂവിൻ കലിയുമടങ്ങി
ഇനി നമുക്കൊന്നായ് പടുക്കാം
അടർന്നു കിടക്കുന്ന ഭൂവിനെ
ഒന്നായ് തന്നെ കൈകോർക്കാം
ഒന്നായ് തന്നെ കൈകോർക്കാം



# മരണം



ശ്രീലക്ഷ്മി-ആർ
+2 BIO

ഉള്ളിൽ എവിടെയോഒരു തണ്ണുപ്പ് തോന്നുന്നു
പറയുവാനുള്ളതെല്ലാം പറഞ്ഞുതീർന്നപോലെ
പൂർണ്ണമായൊരുണങ്ങൽ സാധ്യമാകാതെ
ഇടയ്ക്കിടെ പെയ്തു നനക്കാറുണ്ട്
ചിലയോർമകൾ
മഴയും മഴക്കാലവും നീ തന്നെയായിരുന്നു
പെയ്തൊഴിഞ്ഞ നീ ഒരിക്കലും
പെയ്തു തീർന്നില്ല
മരുഭൂമിതേടിയലഞ്ഞുഞ്ഞാൻ
ഒടുവിൽ കണ്ടെത്തി!
മോഹങ്ങൾ നശിച്ചുമനസ്സിൽ
വറ്റിവരണ്ട പുഴക്കരയിൽ
നിഴലുകൾ ഇല്ലാതായ മരത്തിനുകീഴെ

# ഒരു തിരിഞ്ഞുനോട്ടം



രവീണ.ടി
9.E

മണ്ണിൻ സ്പന്ദനം
നീയായിരുന്ന കാലം
പൂക്കളും പുഴകളും
നിൻ ഹൃദയമിടിപ്പായിരുന്ന കാലം
മണ്ണിൻ മടിത്തട്ടിൽ നീ
തല ചായ്ച്ച രാവുകൾ
എവിടെ പോയ് ആ നിമിഷങ്ങൾ
ഇന്ന് അതൊരു സ്വപ്നമായ്
മാറി കഴിഞ്ഞിരുന്നു
ഭൂമിതൻ മാറിൽ കിടന്ന നീ
ഇന്നതിൽ നിന്നെത്രയോ
കാതങ്ങളകലെ
വികസനത്തിൻ പടികയറിപ്പോകുന്ന
നീ ഓർക്കുക
അവിടെ നിനക്കായ് തകർച്ചയുടെ
ഒരു പട്ടുകുഴി കാത്തിരിക്കുന്നു

# प्रभातं



अर्जुन कृष्णा . एस

VIII. E


पुष्पं पुष्पं  सुंदरपुष्पं
प्रभात सुंदरपुष्पं ।
गानं गानं कोकिलगानं
सुंदरं कोकिलगानं  ।
नृत्तं नृत्तं  मयूरनृत्तं
सुंदर मयूरनृत्तं  ।
वर्णं वर्णं कुन्कुमवर्णं
सुंदरं कुन्कुमवर्णं  ।

गगनं गगनं सुंदरगगनं

नीलसुंदरगगनं ।

कालं कालं प्रातकालं

सुंदरप्रातकालं ।



# मेरी सहेली



के. सी. आतिरा
+1 BIO

मेरी सहेली,जो हर पल मेरी ही साथ होती है।
मेरी हर सूख और दूख मैं उसे सुनाती हूँ ।
वो केवल मेरी बात ही सुनाती हैं ।
मैं जो भी दूख या सूख की बात उसे कहती हूँ ।
तब वी एक सुंदर सी मुसकान देती है ।
कभी वो अपने आखों से मुझे घूर कर  देखती है,
तब मुझे लगता हैं कि,वो मुझसे नारज़ है ।
और जब मुझे गुस्सा आता हूँ,तभ मैं उसे है ।
से मेरी  गुस्सा  उतारने तक झगड़ती ।
वो न ही वापस मारती या कुछ बोलती ।
केवल उसे सब सहन करना आता हैं ।
वो न ही मेरी प्रशनों का उत्तर देती हैं ।

लेकिन वो ही है एक जो मेरी प्रशन सुनाती हैं ।

जभी मुझे मन बरके रोना आता हैं, तो

मैं उसे गले लगाके[4] रोती हूँ ।

वो ने ही मेरी आँसूँ पीछ सकती हैं,

न ही मुझे सहला सकती ।

वो बचपन से ही मेरी साथ में हैं,

मेरी साथ खेलती है, मेरी साथ सोती हैं ।

उसे मेरी जीवन में एक विशिष्ट स्थान है,

वो और कोई नहीं मेरी गुड़िया. . . . .



4 കെട്ടിപിടിക്കുക

# चाँदिनी



सौम्या. वि. पी
IX. C

रात में चमकने प्रकाश ही चाँदिनी
रात में जलने ढीप ही चाँदिनी
इसकी प्रभा जल और थल पर फैले हँ ।
अंधेरे में खिलने फूलो की आधार है वह
वह धरती म्पथो पर मिलक जैसी है ।
धरती के अंगूठी [5]के अनमोल मोती है वह
माला रूपी तारों के बीच रत्न है वह
प्रभात में जैसे सूय्दिय रात में वैसी चंद्रोदय
कभी देखेंगे की चाँदिनी आधी रखते हँ।

5 മോതിരം

राता उनका सौनदय्न चुराकर लिये हँ ।

तब भी प्रसननता न छाडे

अपने  प्रकाश भूमि के चिरागाह [6]पर छिटकता हँ ।

चाँदिनी के सिवाय फूलों के मुख में

न देखे मुस्कुराय

उसकी तरल लालिमा से सो गये माता धरती।



6 പുൽമേട്

# Aspire to win



Sreya Prasad
XII bio

Born with wings,
So not to crawl.
Born with dreams
So,not meant to sleep at all
Yeah,my wings are small,
But don't try to cut them off.
Let me free,let me fly.
Born as 'human',die as 'human'
So count me as 'human'
Not as a'women'
What if i am a women?
Me or you she or he
Sun his one and blood is red
Don't make boundaries for me,
Don't try to cage me
Birds born in cages think,
Flying is a disease
Dogs born in street know

'Freedom is everything'
Don't try to pull me down
Don't try to cut my wings
You may prevent me from flying,
But,my song will blow in the wind
Born with potential
Born with aspire to win
I will fly,I will win and,
Many other little wings ,
Will join my journey
Sureley,I will fly and I will fly.

# Different Shades Of Truth



Megha Nair
X.F

Truth be told
Truth behold
Is what we say
What we're told
Is truth the 'one'
All strong 'n solid
Or are there..
Different shades of truth
One said 'The truth'
Are not facts; not what
We see nor we hear
But something inscripted
On the glorious wall of the historic caves'.
Another said 'The truth
Is what we believe in
What we see 'n what we hear
All that facts, water and fire
Rest are just some foolish
Ballads scribbled down on the
Walls of caves, forgotten to forget
But sat he there
All thoughts and blurry eyes
when all looked at him once

He gave a chuckle or was it a cry
Leaving it upto you to decipher'
Then walked over with stick in his arm
To support his legs
But his wisdom towered ..all strong..
Like the banyan tree in the whirlwind
Slightly swaying forth and back
Out of amusement not weakness.
But in his voice surprisingly soft
And like the waves close to shore
Danced in deep baritone in each of the ears closely in beat
"Truth fellows is a mad man
Sometimes so deep that it shatter your heart
Otherwise shallow just like a passing beat
Sometimes better to reveal a bit
Here and there
Sometimes to be buried in forever
In the coffin with me and you
Truth my friends,
Has different shades
Some bright,some grave
Some be told,some to behold.
Truth my friends,
Has different shades
Some bright,some grave
Some be told,some to behold.....


# Always keep with....TRUTH




Seethal.S
IX.A

Always say truth
do not lie.
Always say truth
Face any problem
Always say truth
And you will rise
beyond the sky.
Always say truth
do not go to the new.
Always say the truth
and go the heaven.
Always say the truth
be kind to all.
Always say the truth
and it will help in any situations.
Always say the truth
for everything
truth will maintain
our life happily
truth is love.

the truth gave peace.
follow the truth everytime.
Always say the truth
and you will be much wise.
be the inspiring light of truth
and light in the way of lead.
spread its wonderful wings
of ultimate succes.



# My best friend is truth



Sreya Balakrishnan

IX.A

I am start my life,
with truth.
but i am not follow,
the fictitious.
The truth make me,
stronger.
I face any problems
with the help of,
truth.
But i am not use,
fictitious.
Any time me motivate
the truth.
Say every bad time the truth,
always support you.
Truth help me any,
situations.
I am follow the truth.
I face any person,
with happily.
to the help,
Truth.

My best friend is,
Truth.
I am walking on the,
truth is success any difficult problems.
the lie we wand y with,
every time.
The truth gave peace,
The truth is good.
say truth and go to,
heaven.
My longly best,
friend is truth.
always say the truth,
is great.
Truth is maintain my,
life with happily.
Truth is the melody,
of love.
Every time use truth,
truth is my partisan.
The Truth is sain.
The truth is spring,
all creatures are,
made from god.

God is a truth.
Secret of my happiness.
The reason is truth.
Truth is my teacher.
I am the student of,
the truth me,
look so happy and beautiful.





പ്രവേശനോത്സവം

സ്വാതന്ത്ര്യദിനം







വായനാദിനം

വിജയോത്സവം

വായനാദിനത്തിൽ താനിക്കുന്ന് ജി.എൽ .പി.സ്കൂളിലെ കൊച്ചുകുട്ടുകാർക്ക് കാട്ടുകുളം സ്കൗട്ട് യൂണിറ്റ്പുസ്തകപ്പെട്ടി കൈമാറുന്നു.



AKASHARA RAVI [ii]
+2.BIO




VISHNU.P.U XI.BIO

# കഥാമൃതം

## മഴ



ദൃശ്യ.ഡി
XI.COM

നോക്കിനിൽക്കുമ്പോഴാണ് അവൾ ആ ശബ്ദം കേട്ടത്. "അന്ത്യ....." മുത്തശ്ശിയാണ് കഴിഞ്ഞ ചില ദിവസങ്ങൾ പോലെ അന്നും മഴയുണ്ടായിരുന്നു. അതാ വിളിക്കുന്നത്. അവൾ ചെന്ന് നോക്കിയപ്പോൾ പഴയ പുസ്തകങ്ങൾക്കിടയിലൂടെ പരതുകയാണ് മുത്തശ്ശി. ഇടയ്ക്ക് എന്തൊക്കെയോ പിറുപിറുക്കുന്നുമുണ്ട്. "മുത്തശ്ശി എന്താ നോക്കുന്നത്" എന്ന അവളുടെ ചോദ്യത്തിന് അൽപ്പം വൈകിയാണ് മറുപടി വന്നത്. കാര്യം പതിവ് പോലെതന്നെ. എന്നത്തേയും പോലെ പഴയ ഡയറിയാണ് മുത്തശ്ശി നോക്കുന്നത്.

അത് കിട്ടിയതുമില്ല. എന്നിട്ട് അവളോട്

മുത്തശ്ശി പറഞ്ഞു ''പണ്ട് നിന്റെ മുത്തച്ഛൻ പട്ടാളത്തിൽ ആയിരുന്നപ്പോ തുടങ്ങീതാ ആശീലം'

മൂപ്പർക്ക് വല്ല്യ ഇഷ്ടാർന്നു.എന്നും കേൾക്കുന്ന കഥയായതുകൊണ്ട്
അവൾ അത്ര താൽപ്പര്യം കാണിച്ചില്ല.മുത്തശ്ശി തുടർന്നു."ന്റെ കല്ല്യാണം
കഴിഞ്ഞിട്ട് എത്ര നിർബന്ധിച്ചിട്ടാ അറിയോ എന്നെ കൂടെ
കൊണ്ടുപോയത് .
അവടെ എത്തിയപ്പഴാ അറിഞ്ഞേ എത്ര ബുദ്ധിമുട്ടാണ് ആ
പണീന്ന്.കൊറച്ച് ദിവസം കഴിഞ്ഞപ്പോ തിരിച്ച്
കൊണ്ടുവന്നാക്കി.പിന്നെ ഞാൻ പോയിട്ടില്ല".അത്രയും
ആയപ്പോഴേക്കും മുത്തശ്ശിയുടെ കണ്ണുകൾ നിറഞ്ഞു.
കണ്ണീരിൽ കുതിർന്ന വാക്കുകളായിരുന്നു അടുത്തത്. അതിന്റെ
ആവശ്യം പിന്നെ വന്നതും ഇല്ല്യാലോ മൂപ്പരെ ഇങ്ങട്ടല്ലെ പിന്നെ
കൊണ്ടുവന്നേ. എല്ലാരും കൂടി... മുത്തശ്ശി വീണ്ടും വിതുമ്പി.പോട്ടെ
മുത്തശ്ശി,സാരല്ല്യ അനു ആശ്വസിപ്പിച്ചു.എന്നാൽ ആ വാക്കുകൾ
മുത്തശ്ശിയെ ആശ്വസിപ്പിക്കാൻ തക്കകഴിവുള്ളതായിരുന്നില്ല. പിന്നീടുള്ള
വാക്കുകളിലാണ് കൂടുതൽ വിങ്ങൽ പ്രകടമായത്.'അത് കഴിഞ്ഞ്
അതൊക്കെ ഒന്ന് മറന്ന് വന്നപ്പഴാ
നിന്റെ അച്ഛനും അമ്മേം....' അത്രയും ആയപ്പോഴേക്കും ആരോ
വാതിലിൽ മുട്ടി.അനു പോയി വാതിൽ തുറന്നു. പോസ്റ്റ്മാനാണ് .അവൾ
അയാളുടെ കയ്യിൽ നിന്ന് ഒരു കവർ വാങ്ങിച്ചു.ശേഷം മുത്തശ്ശി തുടർന്നു.
"എന്തായാലും ഇപ്പൊ നീയെങ്കിലും മര്യാദക്ക്
ജീവിക്കുന്നുണ്ടല്ലോ.അതുതന്നെ ആശ്വാസം."അവൾ ഒന്നും
മിണ്ടിയില്ല.നിറഞ്ഞ കണ്ണുകളോടെ ആ കവർ നോക്കി.അതിനിടയിൽ
മുത്തശ്ശിയുടെ ചോദ്യം.നിന്റെ ഭർത്താവ്
നിന്നെ വിളിക്കാറില്ലേ.ഉണ്ട് മുത്തശ്ശി തൊണ്ട ഇടറിക്കൊണ്ട് അവൾ
പറഞ്ഞു.അദ്ദേഹം അയച്ചതാണ് ഇത്.അവൾ കയ്യിലിരുന്ന കവർ
മുത്തശ്ശിയെ കാണിച്ചു.എന്തെങ്കിലും സമ്മാനമാകും എന്ന് കരുതി

ആ പാവം ചെറുതായൊന്ന് പുഞ്ചിരിച്ചു.ശേഷം പതിവ് വരികൾ തന്നെ തുടർന്നു.ഉള്ള കാലം നന്നായി ജീവിക്കുക.ആർക്കും ഒന്നും മുൻകൂട്ടി പറയാൻ പറ്റില്ലല്ലോ.ഒരിക്കൽ ഏഴ് കടലും കടന്ന് നമ്മൾ പോകും.ജീവിതത്തിലെ മനോഹരമായ ഒരു യാത്ര.മുത്തശ്ശി ഇത്രയും പറഞ്ഞപ്പോഴേക്കും ആ മഴ പെയ്തു തോർന്നു.ഒരു പക്ഷേ ,വരാനിരിക്കുന്ന കൊടിയ വേനലിന്റെ സൂചനയായിരിക്കാം അത്.



# ഒരു ഗ്ലാസ് പാലിന്റെ വില



അനന്തൻ .എൻ
XI-BIO

ഗെയ്റ്റ് കടന്ന് ആ വീട്ടിലേക്ക് ചെല്ലുമ്പോൾ വീണയുടെ മനസ്സിൽ പ്രതീക്ഷ തോന്നി. ഇവിടെനിന്നെങ്കിലും എന്തെങ്കിലും ലഭിക്കാതിരിക്കില്ല. ആ കുട്ടി അത്രമാത്രം വിശന്നുവല ഞ്ഞിരുന്നു.വീടുകൾതോറും നടന്ന് സാധനങ്ങൾ വിറ്റ് സ്കൂൾഫീസിന് പണം കണ്ടെത്താൻ ഇറങ്ങിയതാണവൾ .വില്ക്കാനുള്ളതെല്ലാം ഏതാണ്ട് തീർന്നിരുന്നു.കാലത്ത് വീട്ടിൽ നിന്നും പോന്നതുമുതൽ ഒരു ഗ്ലാസ് വെള്ളം പോലും കുടിച്ചിട്ടില്ല.നടന്ന് തളർന്ന അവൽ വാതിൽ മുട്ടി കാത്തുനിന്നു.വീണയുടെ വീട് അവിടെ നിന്ന് വളരെ അകലെയാണ് അതിനാൽ അതുവരെ ഈ അവസ്ഥയിൽ നടന്നു പോകാൻ കഴിയില്ല എന്ന് അവൾക്കു തോന്നി. ആയതിനാൽ ഈ വീട്ടിൽ നിന്ന് എന്തെങ്കിലും കഴിക്കാൻ തരുമോ എന്ന് ചോദിക്കാമെന്ന് അവൾ കരുതി.പക്ഷേ വാതിൽ തുറന്ന് വന്നത് ഒരു സുന്ദരിയായ സ്ത്രീ ആയിരുന്നു.

അവരെ കണ്ടപ്പോൾ വീണ "ഒരു ഗ്ലാസ് വെള്ളം"
എന്ന് മാത്രമാണ് ചോദിച്ചത്.ആ സ്ത്രീ വീണയുടെ കണ്ണിലെ കത്തുന്ന വിശപ്പിനെ തിരിച്ചറിഞ്ഞു,അവർ അകത്തുപോയി ഒരു വലിയ ഗ്ലാസ് പാൽ എടുത്തുകൊണ്ടുവന്ന് വീണക്കു കൊടുത്തു.അത് കുടിച്ചപ്പോൾ അവൾക്ക് നല്ല ആശ്വാസം തോന്നി .പ്രയത്നിച്ചാൽ തനിക്ക് ഇനിയും ഉയരാം എന്ന ആത്മവിശ്വാസം തോന്നി .വീണ സന്തോഷത്തോടെ ചോദിച്ചു മാഡം ഞാൻ എന്താണ് പകരം ചെയ്തു തരേണ്ടത്?എന്താ അങ്ങനെ ചോദിച്ചത്? പ്രതിഫലത്തിനായി ഒന്നും ചെയ്യരുത് എന്ന് ഞങ്ങളുടെ അമ്മ പഠിപ്പിച്ചതാണ് വീണ പറഞ്ഞു.നല്ലതു വരട്ടെ അവർ ആശംസിച്ചു .റോഡിറങ്ങി തിരിച്ചു നടക്കുമ്പോൾ  മനുഷ്യരിലുള്ള വീണയുടെ വിശ്വാസം ഇരട്ടിച്ചു.വർഷങ്ങൾ കഴിഞ്ഞുപ്പോയി ആ സുന്ദരിയായ യുവതി മധ്യവയസ്കയായി ഗുരുതരമായ രോഗത്തിനു ഇരയായി.ചികിത്സകൾ പലതു ചെയ്തിട്ടും ഫലമില്ലാതെ പട്ടണത്തിലെ ഒരു വലിയ അശുപത്രിയിലേക്ക് മാറ്റി. അവിടെയുള്ള ഡോക്ടർമാർ കിണഞ്ഞു[7]ശ്രമിച്ചിട്ടും രോഗം പിടികിട്ടിയില്ല. ഒടുവിൽ പ്രശസ്തനായ ഒരു ഡോക്ടറിനെ പുറത്തുനിന്നു വരുത്തിച്ചു.ഡോ.വീണ രാജൻ .രോഗിയുടെ വിവരങ്ങൾ നോക്കവേ പട്ടണത്തിന്റെ പേരും സ്ഥലവും ഡോക്ടറുടെ ശ്രദ്ധയിൽ പെട്ടു.എന്തോ മനസ്സിലായ പോലെ അവർ രോഗിക്കരികിലെത്തി. കണ്ടമാത്രയിൽ തന്നെ ആളെ തിരിച്ചറിഞ്ഞു.കൺസൾട്ടിങ്ങ് റൂമിൽ തിരിച്ചെത്തിയ ഉടനെ ആ കേസ് വിശദമായി പഠിക്കാൻ തുടങ്ങി.കഠിനമായിരുന്ന പിന്നീടുള്ള ദിനങ്ങൾ പല ടെസ്റ്റുകളും നടത്തി.ഒടുവിൽ ഒരു ഓപ്പറേഷൻ നിശ്ചയിച്ചു .അത് ഡോ.വീണ തന്നെ നേരിട്ടുനടത്തി.രോഗം ഭേദമായി രോഗിക്ക് ആശുപത്രി ബില്ല് താൻ കണ്ടശേഷം മാത്രം കൊടുത്താൽ മതിയെന്ന് ഡോക്ടർ നിർദ്ദേശം നൽകിയിരുന്നു.

7 ബുദ്ധിമുട്ടുക

ബില്ല് കിട്ടിയപ്പോൾ ഡോ.വീണ ഏന്തോ അതിനരുകിൽ കുറിച്ചുവെച്ചു.ഡിസ്ചാർജ് ഷീറ്റിനൊപ്പം വന്ന ബിൽ നെഞ്ചിടിപ്പോടെയാണ് ആ മധ്യവയസ്കനായ സ്ത്രീ തുറന്നു നോക്കിയത് അവർക്കറിയാമായിരുന്നു തന്റെ സമ്പാദ്യം മുഴുവൻ വേണം ആ ബിൽ അടക്കണമെങ്കിൽ .നേക്കിയപ്പോൾ ബിൽ മുഴുവൻ അടച്ചിരുന്നു. അതിനിടയിൽ എഴുതിയത് അവർ കണ്ടു."ഒരു ഗ്ലാസ് പാലിന്റെ വിലയാവണമെങ്കിൽ താൻ ഇനിയും എത്രയോ തന്നുതീർക്കണമെന്ന് " ഡോക്ടർ വീണ.




# കണ്ണാടി



ചന്ദന രാജ്.
IX.A

കയ്യിൽ കിട്ടിയ മിനുസമുള്ള ,മിന്നുന്ന ചതുര കട്ടയെ അയാൽ അത്ഭുതത്തോടെ നോക്കി.കൈവിരലുകൾ ചലിപ്പിക്കുമ്പോൾ ആ കാടിന്റെ മനോഹരമായ ചിത്രം അയാൾക്കു കാണാനായി കുതിച്ചൊഴുകുന്ന പുഴകൾ മലകൾ കുന്നിൻചെരിവുകൾ താൻ നിരന്തരം കാണാറുള്ള പക്ഷികൾ മൃഗങ്ങൾ .അങ്ങനെ ആ കാടുമുഴുഅാളതിൽ കണ്ടു.ആ വസ്തു തനിക്കുനേരെ പിടിച്ചതും ഒരു വിച്ചിത്രമായ മുഖം ഞാൻ എവിടെയോ കണ്ടു മറന്ന മുഖം അതെ!തന്റെ മുത്തശന്റേപോലുള്ള മുഖം.ഒരു പേടിയോടെയും ഞെട്ടലോടെയും അയാൾ അത് ദൂരേക്കെറിഞ്ഞു.കുറച്ചുനേരം ചിന്താകുലനായി നിന്ന അയാൾ അതെറിഞ്ഞ സ്ഥലത്തേക്കോടി. അതു പതുക്കെ  എടുത്തു അതെ ഇത് തന്റെ മുഖമാണ്.മുത്തശൻ പണ്ട് കണ്ണാടി കണ്ട കഥ മനസ്സിലൂടെ മിന്നിമാഞ്ഞു.

കണ്ണാടി എന്ന വിചിത്ര സാധനത്തിന്റെ മറ്റൊരു രൂപ താനും കണ്ടു. തന്റെ മുഖം കണ്ണാടിയിലൂടെയല്ല ഒരു മൊബൈൽ ഫോണിലൂടെ.പെട്ടെന്ന് അയാളുടെ കണ്ണുകളിൽ ചുവപ്പുമിറം കലർന്നു.തൊട്ടപ്പുറത്ത് ചോരയിൽ കുളിച്ച കിടക്കുന്ന ഒരു യുവാവ്.ആ വസ്തു മുമ്പോട്ടുപ്പിടിച്ച് യുവാവിനുനേരെ അയാൾ ആ ബട്ടൺ അമർത്തി.



# കൊലയുടെ ചിഹ്നം



ജെ.ഉത്തര

6.B

കുറെ വർഷത്തിനു ശേഷം സ്വന്തം നാട്ടിലെത്തിയ അയാൾ പകച്ചു നിന്നു.തന്റെ നാടുതന്നെയാണോ ഇത്!എത്ര മാറിപ്പോയിരിക്കുന്നു.ചെറുപ്പത്തിൽ പള്ളിക്കൂടം വിട്ടുകഴിഞ്ഞാൽ ഒരോട്ടമായിരുന്നു.രാമേട്ടെൻ്റ പറമ്പിലേക്ക്.അവിടെ ഒരു പടതന്നെ കാത്തിരിക്കുന്നുണ്ടാവും!പിന്നെ ഇരുട്ടുവോളം കളി!തലപ്പന്ത് കളിയാണ് പ്രധാനി.താനായിരുന്നു ടീമിന്റെ സ്വത്ത്.കളികഴിഞ്ഞാൽ തന്നെ എടുത്തുപൊക്കി കൃഷ്ണൻ കൃഷ്ണൻ എന്നു വിളിച്ചുകൊണ്ട് വലിയ ആഘോഷം!ഇന്നാ പറമ്പിൽ ദുബായ് കുഞ്ഞന്റെ ഫ്ലാറ്റാണ്.തനിക്ക് പതിനഞ്ച് വയസ്സുള്ളപോഴാണ് ഈ നാട് വിട്ടത് ഒരു കൊലനടത്തിയിട്ട്.കൊന്നത് ഒരു സുഹൃത്തിനെ.ഒളിച്ചോടി എങ്ങോട്ടെന്നില്ലാതെ പോയി.കുറേ പണിചെയ്തു.ഗതിയില്ലാതെ ഗുണ്ടയാവാൻ വരെ നോക്കി.എന്തുഫലം!പെരുമഴപ്പെയ്യുന്ന രാവിലാണ് താൻ ഈ നാട് വിട്ടത്.അയാൾ ഓർത്തു.അന്നേ ദിവസം സന്ധ്യാ

